എം.പി(2) 6319/2020

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി-16.10.2020

**സർക്കുലർ നം. 73/2020**

വിഷയം-സഹകരണവകുപ്പ്-സഹകരണ സംഘങ്ങൾ മുഖേന 2020-21 സീസണിലെ നെല്ല് സംഭരണം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്-

സൂചന-
1) സർക്കാരിന്റെ 9.10.2020ലെ സ.ഉ(കൈ) നം.21/2020/ഭ.പൊ.വി.വകുപ്പ് ഉത്തരവ്.
2) സി.എം.പി/സിവിൽ സപ്ലൈസ് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 13.10.2020-ലെ നമ്പർ ഉത്തരവ്
3) സഹകരണ സംഘം രജിസ്ട്രാറുടെ 12.10.2020-തീയതിയിലെ എം.പി(2)6319/2020 നമ്പർ ഉത്തരവ്
4) G.O.M.S No. 13/2020/FNCS dated 17.08.2020
5) സർക്കാരിന്റെ 16.10.2020 തീയതിയിലെ ബി 1/ 252/2020/സഹ.നമ്പർ കത്ത്

സംസ്ഥാനത്ത് 2020-21 സീസണിലെ ആദ്യഘട്ടനെല്ല് സംഭരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി, സപ്ലൈകോ മുഖേന നടത്തുന്ന നെല്ല് സംഭരണത്തിൽ സഹകരണ സംഘങ്ങളെ കൂടി പങ്കെടുപ്പിക്കുവാൻ സൂചന(1) പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ വഴി നെല്ല് സംഭരിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സൂചന(2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതുമാണ് (അനുബന്ധം 1). സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിനായി പാലക്കാട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ സഹകരണ സംഘങ്ങളെ തെരഞ്ഞെടുത്തിട്ടുള്ളതും നെല്ല് സംഭരണ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് മേൽ ജില്ലകളിലെ ജോയിന്റ് രജിസ്ട്രാർ ഓഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർമാരെ സൂചന( 3) പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

മേൽസാഹചര്യത്തിൽ പാലക്കാട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെപറയും പ്രകാരം നൽകുന്നു.

1. പാലക്കാട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ സഹകരണ സംഘങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സൂചന(2) മാർഗ്ഗരേഖയ്ക്ക് വിധേയമായി കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും സമയബന്ധിതമായി നെല്ല് സംഭരിക്കേണ്ടതാണ്.

2. നെല്ല് സംഭരിക്കുന്ന സഹകരണസംഘങ്ങൾ സപ്ലൈകോയുമായി കരാറിലേർപ്പെടേണ്ടതാണ്. കർഷകരിൽ നിന്നും സംഭരിക്കപ്പെടുന്ന നെല്ലിന്റെ ഗുണ നിലവാരപരിശോധന കൃഷിവകുപ്പ്, സപ്ലൈകോ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വത്തിൽ നടത്തേണ്ടതാണ്. സപ്ലൈകോ സംഭരണത്തിൽ നിഷ്കർഷിക്കുന്ന ഗുണ നിലവാരം സംഘങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

3. സഹകരണ സംഘങ്ങൾക്ക് നിശ്ചയിക്കപ്പെട്ട കൃഷിയിടങ്ങളിൽ നിന്നും മാത്രമേ നെല്ല് സംഭരിക്കാൻ പാടുള്ളു.

4. സഹകരണ സംഘങ്ങൾ കർഷകരിൽ നിന്നും സംഭരിക്കുന്ന ഒരു കിലോ നെല്ലിന് 27.48 രൂപ എന്ന കണക്കിൽ ഓരോ കർഷകരിൽ നിന്നും ശേഖരിക്കപ്പെടുന്ന നെല്ലിന്റെ തൂക്കത്തിന് ആനുപാതികമായി പി.ആർ.എസ് രസീത് കർഷകന് നൽകേണ്ടതാണ്.

5. നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പ്രകാരം കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും നെല്ല് സംഭരിക്കുന്ന സഹകരണ സംഘങ്ങൾക്ക് ക്വിന്റലിന് 73 രൂപ/കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന തുക സപ്ളൈകോയിൽ നിന്നും ലഭ്യമാക്കുന്നതാണ്. മേൽപ്രകാരം നിശ്ചയിക്കപ്പെട്ട 73 രൂപയിൽ കയറ്റിറക്കുകൂലി, വാഹനചിലവ്, സംഭരണശാല വാടക, സംഘങ്ങൾക്കുള്ള കമ്മീഷൻ തുടങ്ങിയവ ഉൾപ്പെട്ടിരിക്കുന്നു.

6. കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പ്രകാരം നെല്ല് സംഭരിക്കുകയും അത് സംസ്കരിച്ച് അരിയാക്കി സപ്ളൈകോയ്ക്ക് നൽകുന്നതിന് കരാറിലേർപ്പെടുന്ന സഹകരണ സംഘങ്ങൾക്ക് ക്വിന്റലിന് ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്കുകൂലി, ഗോഡൗൺ വാടക, സംസ്കരണചിലവ് തുടങ്ങിയവ ഉൾപ്പെടെ 214 രൂപ/കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന തുക പ്രതിഫലം നൽകുന്നതാണ്.

7. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട സംഘത്തിന് മേൽപ്രകാരം വന്ന ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്കുകൂലി, ഗോഡൗൺ വാടക, സംസ്കരണചിലവ് എന്നിവയുടെ യഥാർത്ഥ കണക്കുകളും രേഖകൾ/വൌച്ചറുകളും സംഘങ്ങൾ സൂക്ഷിക്കേണ്ടതും ആയത് സപ്ളൈകോയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

8. കൃഷിവകുപ്പ്, സപ്ളൈകോ എന്നിവയുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾ മുഖേനയുള്ള നെല്ല് സംഭരണ പ്രവർത്തികൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർ ആഫീസിലെ നോഡൽ ആഫീസർ ആയ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) നിർവഹിക്കേണ്ടതാണ്. ഇപ്രകാരമുള്ള പ്രവർത്തികളുടെ കാര്യക്ഷമത ജോയിന്റ് രജിസ്ട്രാർ ഉറപ്പുവരുത്തേണ്ടതാണ്.

9. സംഭരണം സംബന്ധിച്ച കണക്കുകൾ ഒന്നാംഘട്ട സംഭരണം പൂർത്തിയായി ഒരു മാസത്തിനകം ആഡിറ്റർക്കു നൽകേണ്ടതും ആഡിറ്റർ മേൽപരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ സഹിതം സൂക്ഷിക്കേണ്ടതും പകർപ്പ് ജോയിന്റ് രജിസ്ട്രാർമാർക്ക് സമർപ്പിക്കേണ്ടതുമാണ്.

ഒപ്പ്/-

ഡോ.നരസിംഹുഗരി റ്റി.എൽ.റെഡ്ഡി.ഐ.എ.എസ്

**സഹകരണസംഘം രജിസ്ട്രാർ**

പകർപ്പ് -

1. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. കൃഷിവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. മാനേജിംഗ് ഡയറക്ടർ & ചെയർമാൻ, സിവിൽ സപ്ളൈസ് കോർപ്പറേഷൻ
5. ഡയറക്ടർ, സപ്ളൈകോ
6. ഡയറക്ടർ, കൃഷിവകുപ്പ്
7. ജോയിന്റ് രജിസ്ട്രാർ (ജനറൽ)
8. നെല്ല് സംഭരണ സഹകരണ സംഘങ്ങൾ - പാലക്കാട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖാന്തിരം
9. സ്റ്റോക്ക് ഫയൽ/വെബ് സൈറ്റ്/എഡിറ്റർ കം പി.ആർ.ഒ
10. സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(എം.പി)